(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക പരിഷ്കാരങ്ങളോടുള്ള നിലപാട്

27 (*27) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എളമരം കരീം :
ശ്രീ. സാജു പോൾ :
ശ്രീ. എ. എം. ആരിഫ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ഊർജ്ജിതമായി നടപ്പാക്കുന്ന നവ ഉദാരവൽക്കരണ സാമ്പത്തിക പരിഷ്കാരങ്ങളോടുള്ള നിലപാട് വെളിപ്പെടുത്താമോ ;

(ബി) സാമ്പത്തിക പരിഷ്കാരങ്ങൾ സംസ്ഥാനത്തെയും ജനങ്ങളേയും ഏതെല്ലാം നിലയിൽ പ്രതികൂലമായി ബാധിച്ചിരിക്കുന്നുവെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) സംസ്ഥാന സർക്കാരിന് വിയോജിപ്പുള്ള കേന്ദ്ര സാമ്പത്തിക പരിഷ്കാര നടപടികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ; ഇക്കാര്യം മുൻ കേന്ദ്ര സർക്കാരിനേയോ ഇപ്പോഴത്തെ കേന്ദ്ര സർക്കാരിനേയോ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; സബ്സിഡികൾ വെട്ടിക്കുറക്കൽ, ഭൂമി ഏറ്റെടുക്കൽ നിയമ ഭേദഗതി, തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ പരിഷ്കാര നടപടികളോടുള്ള വിയോജിപ്പ് അറിയിച്ചിട്ടുണ്ടോ ;

(ഡി) ജനങ്ങളുടെ ജീവിതഭാരം വർദ്ധിപ്പിക്കുന്ന പ്രസ്തുത പരിഷ്കാരങ്ങൾക്കെതിരെ കേന്ദ്ര സർക്കാരിൽ ശക്തമായി സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ-ഡി) കേന്ദ്രസർക്കാരിന്റെ സാമ്പത്തിക നയങ്ങളോടുള്ള സംസ്ഥാന സർക്കാരിന്റെ സമീപനം വിഷയാധിഷ്ഠിതമാണ്. കേന്ദ്ര സർക്കാരിന്റെ എല്ലാ നയങ്ങളേയും അന്ധമായി എതിർക്കുകയോ അനുകൂലിക്കുകയോ ചെയ്യുന്ന ഒരു സമീപനം ഈ സർക്കാരിനില്ല.

സംസ്ഥാനത്തിന്റെ കാർഷിക വ്യാവസായിക നയങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ ഉണ്ടായിട്ടുള്ളപ്പോഴെല്ലാം അവ ചൂണ്ടിക്കാട്ടാനും തിരുത്തിക്കാനും സർക്കാർ ശ്രമിച്ചിട്ടുണ്ട്.

വിവിധ വിഷയങ്ങളിൻമേൽ മുൻ കേന്ദ്രസർക്കാരും ഇപ്പോഴത്തെ സർക്കാരും കൈക്കൊണ്ടിട്ടുള്ള സമീപനങ്ങൾക്കനുസരിച്ചാണ് സംസ്ഥാന സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

നിലപാടുകൾ എടുത്തിട്ടുള്ളത്. സംസ്ഥാനത്തെ ബാധിക്കുന്ന റബർ ഇറക്കുമതി പാമോലിൻ ഇറക്കുമതി തുടങ്ങിയ വിഷയങ്ങളിൽ സംസ്ഥാന സർക്കാരിന്റെ എതിർപ്പുകൾ കാലാകാലങ്ങളിലെ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

വനവാസികളുടേയും, വനാതിർത്തിയിൽ താമസിക്കുന്നവരുടേയും കഷ്ടനഷ്ടങ്ങൾ കുറയ്ക്കാൻ പദ്ധതി

28 (*28) ശ്രീ. ആർ . സെൽവരാജ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവാസികളുടേയും വനാതിർത്തിയിൽ താമസിക്കുന്ന സമൂഹങ്ങളുടേയും കഷ്ടനഷ്ടങ്ങൾ കുറയ്ക്കാൻ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇതിനായി വന്യജീവിശല്യമുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ഗോത്രവർഗ്ഗ കർഷകരെ മാറ്റി പാർപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) വനത്തിനുള്ളിലെ ഗോത്രവർഗ്ഗക്കാരും മറ്റ് സെറ്റിൽമെന്റുകളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ തുടരുമോ ; വിശദമാക്കാമോ ?

വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) വനവാസികളുടേയും വനാതിർത്തിയിൽ താമസിക്കുന്ന സമൂഹങ്ങളുടേയും കഷ്ടനഷ്ടങ്ങൾ കുറയ്ക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിവരുന്നു:

1. കാട്ടാനകളുടേയും മറ്റു വന്യജീവികളുടേയും ആക്രമണം മൂലമുള്ള കഷ്ടനഷ്ടങ്ങൾ കുറയ്ക്കാൻ വനാതിർത്തിയിൽ പ്രതിരോധ കിടങ്ങുകൾ കുഴിയ്ക്കൽ, വൈദ്യുത കമ്പിവേലികൾ സ്ഥാപിക്കൽ, കയ്യാലകളും, ആനപ്രതിരോധ മതിലുകളും നിർമ്മിക്കൽ, ജൈവവേലി വച്ചുപിടിപ്പിക്കൽ, ജീവനും സ്വത്തിനും വിളകൾക്കുമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നല്കൽ, വനവാസികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ, നാട്ടിലിറങ്ങുന്ന വന്യജീവികളെ കാട്ടിലേക്ക് തിരിച്ചയയ്ക്കുന്നതിനും,

LIBRARY ARCHIVES Kerala Legislative Assembly